Non Clinical

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1 | Diploma in Clinical Pathology | 0 | | 0 |
| 2 | Diploma in Public Health | 0 | | 0 |
| | Total | 11 | 6 | 5 |

**ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ**

**28 (2237)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഏതെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ ജെ. പി. എച്ച്. എൻ. ഗ്രേഡ് I ഗ്രേഡ് II ജെ. എച്ച്.ഐ ഗ്രേഡ് I ഗ്രേഡ് II എന്നിവയിൽ എത്ര തസ്തിക വീതം നിലവിലുണ്ടെന്നും നിലവിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും എന്നുമുതൽ പ്രസ്തുതഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുവെന്നും പറയാമോ ;

(സി) എന്തുകൊണ്ടാണ് ദീർഘകാലമായി ഈ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കാത്തതെന്നും അതിനു കാരണക്കാർ ആരെന്നും വിശദമാക്കാമോ ;

(ഡി) ദീർഘകാലമായി ഈ മേഖലയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാതെ ആരോഗ്യ പരിപാടികളിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് ഗൗരവമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിലവിൽ ഈ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

| സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ | പ്രാഥമികാരോഗ്യ കന്ദ്രങ്ങൾ |
|---|---|
| 1. തിരുവില്വാമല | 1. കുത്താമ്പുള്ളി |
| 2. പഴയന്നൂർ | 2. കൊണ്ടാഴി |
| | 3. തോന്നൂർക്കര |
| | 4. പാഞ്ഞാൾ |
| | 5. വള്ളത്തോൾനഗർ |
| | 6. വരവൂർ |
| | 7. ദേശമംഗലം |
| | 8. മുള്ളൂർക്കര |
| | 9. എളനാട് |

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളിൽ നിലവിലുള്ള ഓരോ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതാണ്. തൃശ്ശൂർ ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ 25 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എൻ.സി.എ. നോട്ടിഫിക്കേഷനു വേണ്ടി മാറ്റിവച്ചിട്ടുള്ളതുമാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

## പൊന്നാനി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്കിൽ സ്റ്റാഫിന്റെ അപര്യാപ്തത

**29 (2238)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യൻ ഇല്ലാത്തതുമൂലം ബ്ലഡ് സ്റ്റോറേജ് സെന്റർ അടക്കമുള്ള സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് പ്രയാസമുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് PSC ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമനം നടത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.